**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3796** **03-03-2023 - ൽ മറുപടിയ്ക്ക്**

**ആശ്രിത നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2016 മുതൽ ആശ്രിത നിയമനത്തിലൂടെ എത്ര പേർക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകിയിട്ടുണ്ടെന്നും എത്ര അപേക്ഷകർക്ക് ഇനി ജോലി നൽകാനുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിതർ അതത് ജീവനക്കാർ ജോലി ചെയ്യുന്ന വകുപ്പിലാണ് ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിക്കേണ്ടത്. ഇപ്രകാരം ഓരോ വകുപ്പിലും അപേക്ഷ സമർപ്പിച്ചിട്ടുള്ളവരുടെയും ആശ്രിത നിയമനം നൽകിയവരുടേയും വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (ബി) | ആശ്രിത നിയമനം നൽകുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | വിവിധ വകുപ്പുകളിൽ ആകെ ഉണ്ടാകുന്ന ഒഴിവുകളിലെ നിശ്ചിത ശതമാനം ആശ്രിത നിയമനത്തിനായി സമയബന്ധിതമായിത്തന്നെ സർക്കാരിൽ റിപ്പോർട്ട് ചെയ്യുന്നതിന് ആവശ്യമായ കർശന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും കൃത്യമായ ഇടവേളകളിൽ വകുപ്പ് അദ്ധ്യക്ഷൻമാർക്ക് ഓർമ്മപ്പെടുത്തലുകൾ നൽകാറുമുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതനുസരിച്ച് നിയമനം നൽകി വരുന്നു. |
| (സി) | ആശ്രിത നിയമനത്തിന്റെ മാനദണ്ഡങ്ങൾ പരിഷ്ക്കരിക്കുന്നതിന് സമിതിയെ നിയോഗിച്ചിട്ടുണ്ടോ; പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ ഉള്ളടക്കം വിശദമാക്കാമോ? | (സി) | ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് സർവീസ് സംഘടനകളുടെ ഒരു യോഗം ചീഫ് സെക്രട്ടറി വിളിച്ചു ചേർത്തിരുന്നു. യോഗത്തിൽ സർവീസ് സംഘടനകൾ മുന്നോട്ട് വെച്ച നിർദ്ദേശങ്ങൾ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ